# പാറശ്ശാല

ഭദ്രാസന ബുള്ളറ്റിൻ

വാല്യം 8 ലക്കം 1 ജനുവരി – ഫെബ്രുവരി 2025



നവവൈദികർ ഭദ്രാസനാധ്യക്ഷനോടൊപ്പം



# പരിശുദ്ധ നോമ്പ്

# പാറശ്ശാല

ഭദ്രാസന ബുള്ളറ്റിൻ

വാല്യം 8 ജനുവരി – ഫെബ്രുവരി ലക്കം 1

## ഉള്ളടക്കം


| | |
|---|---|
| ഇടയശബ്ദം | 2 |
| സർക്കുലർ (കാതോലിക്കാ ദിനം–2025) | 4 |
| സർക്കുലർ (എം.സി.സി.എൽ ദിനം–2025) | 9 |
| സഭാ വാർത്തകൾ | 13 |
| ഭദ്രാസന വാർത്തകൾ | 14 |
| എം.സി.വൈ.എം. | 16 |
| കെ.സി.എസ്.എൽ. | 19 |
| എം.സി.എ. | 23 |
| എം.സി.എം.എഫ്. | 27 |
| ബൈബിൾ അപ്പസ്തോലേറ്റ് | 28 |
| സെമിനാരി വാർത്തകൾ | 29 |
| ക്ഷേമ | 30 |


TO BE EVERYTHING TO EVERYONE IN CHRIST


*Patron*
His Excellency
Thomas Mar Eusebius

*Chief Editor*
Fr. Abin Mullackal

*Managing Editor*
Msgr. Selin Jose
Konathuvila

*Printed & Published By*
Very Rev. Fr. Bijoy
Ooralivila


*(Private Circulation Only)*

# ഇടയശബ്ദം



## അനുഗ്രഹീതമായ നോമ്പുകാലം

യേശുവിൽ സ്നേഹമുള്ള സഹോദരി സഹോദരന്മാരെ,

ജീവിതത്തെ ഗൗരവത്തോടെ സമീപിക്കുന്നവർ ജീവിതം നിരന്തരം മെച്ചമാക്കുന്നതിൽ ബദ്ധശ്രദ്ധരായിരിക്കും. കുറേക്കൂടെ ഗുണമേന്മയുള്ള ജീവിതം നയിക്കുവാനുള്ള ആഗ്രഹവും അതിനായുള്ള ആത്മാർത്ഥമായ ശ്രമവും ആണ് നാം ജീവിക്കുന്ന ജീവിതത്തിന്റെ മൂല്യം നിർണയിക്കുന്നത്. എന്നും ഒരേ മന്ദോഷ്ണതയിൽ ജീവിക്കുക, ഒരേ തെറ്റുകൾ ആവർത്തിക്കുക, ഇവ ദൈവം നമ്മിൽ നിന്ന് ആഗ്രഹിക്കുന്ന ജീവിതത്തിന്റെ സമൃദ്ധിയുടെ നിഷേധമാണ്. ജീവിതം ഗൗരവമായി മെച്ചമാക്കുവാൻ ആഗ്രഹിക്കുന്നവർക്ക് നോമ്പുകാലം വലിയൊരു സാധ്യതയാണ്, അനുഗ്രഹമാണ്. സഭാംഗങ്ങളുടെ സംഘാതമായ പിന്തുണയോടെ, പിൻബലത്തോടെ, പ്രാർത്ഥനയോടെ, ജീവിതം ക്രമപ്പെടുത്തുവാനും മെച്ചമാക്കുവാനുമുള്ള വലിയൊരു സാധ്യതയാണ് നോമ്പ് നമുക്ക് സമ്മാനിക്കുന്നത്. നോമ്പുകാലവുമായി ബന്ധപ്പെട്ട എല്ലാ നിഷ്ഠകളും ഈ ശ്രമത്തെ പ്രോത്സാഹിപ്പിക്കുന്നവയാണ് സഹായിക്കുന്നവയാണ്. ഒരു പക്ഷേ, ഒരു നോമ്പുകാലത്ത് നമ്മുടെ ജീവിതത്തിന്റെ എല്ലാ മേഖലകളെയും മെച്ചമാക്കുവാനുള്ള ഊർജ്ജവും സാവകാശവും നമുക്ക് ലഭിച്ചു എന്നുവരില്ല. എങ്കിലും ജീവിതത്തിന്റെ ചില പ്രധാന കുറവുകളുടെ മേഖലയെ പ്രത്യേകം ശ്രദ്ധിക്കുവാൻ നാം ശ്രമിക്കേണ്ടതുണ്ട്.

പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പയുടെ അഭിപ്രായത്തിൽ, നമ്മുടെ ജീവിതത്തിന്റെ ഗുണമേന്മയെ ഇല്ലാതാക്കുന്നതും സമൂഹത്തിൽ ദൂരവ്യാപകമായ അസ്വസ്ഥത സൃഷ്ടിക്കുന്നതുമായ ഒരു സ്വഭാവം പരദൂഷണവും വ്യർത്ഥഭാഷണവും ആണ്. തന്റെ 'ലൗദാത്തോസി' എന്ന ചാക്രിക ലേഖനത്തിൽ പരദൂഷണത്തെ ഒരു ബോംബിനോടാണ് മാർപാപ്പ തിരുമേനി ഉപമിക്കുന്നത്. അത്രമാത്രം ചുറ്റുപാടുകളിൽ നാശം വിതയ്ക്കുന്ന ഒരു പ്രവർത്തിയായിട്ടാണ് പാപ്പാ അതിനെ മനസ്സിലാക്കുന്നത്. പരദൂഷണത്തിന്റെ പിന്നിലെ വികാരം വെറുപ്പാണ്, സ്നേഹമില്ലായ്മയാണ്. ഈ വെറുപ്പാണ് അപരന്റെ സൽപേരിനെ ഹിംസിക്കുവാൻ ഒരുവനെ പ്രേരിപ്പിക്കുന്നത്. മനശാസ്ത്രപരമായി, പരദൂഷണം നടത്തുന്ന

വ്യക്തി തന്റെയുള്ളിൽ അനുഭവിക്കുന്ന അസ്വസ്ഥതയും ആത്മ നിന്ദയും, മറ്റൊരാളിൽ അയാൾ ആരോപിക്കുന്ന കുറവിന്റെ മേഖലയിൽ അയാൾ തന്നെ അനുഭവിക്കുന്ന അടിമത്തവും എല്ലാം പരദൂഷണത്തിന് കാരണമാകുന്നുണ്ട്. നമ്മിലുള്ള പരദൂഷണ വാസന ഗൗരവമുള്ള ഒരു ആത്മപരിശോധനയ്ക്കാണ് നമ്മെ സന്നദ്ധരാക്കേണ്ടത്.

ആരെയും നിന്ദിക്കാതെയും ആരെയും വിധിക്കാതെയും ആരോടും പകയില്ലാതെ ജീവിക്കുവാൻ സാധിക്കുകയും ചെയ്യുന്നതാണ് യഥാർത്ഥ ആത്മീയതയുടെ അടയാളവും ജീവിതത്തിന്റെ സമൃദ്ധി അനുഭവിക്കുന്നതിനുള്ള അടിസ്ഥാന വ്യവസ്ഥയും. ഈ നോമ്പുകാലം ഇപ്രകാരം കുറേക്കൂടെ പരോൻമുഖരായി ജീവിക്കുവാനും, ചുറ്റുപാടുകളിൽ നന്മ കാണുവാനും അതിനെ ആഘോഷിക്കുവാനുമുള്ള കൃപയും ഉൾബലവും സംഭരിക്കുവാനും നമുക്ക് പരിശ്രമിക്കാം, അതിനായി പ്രാർത്ഥിക്കാം. ദൈവം നാം ഏവരെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ!

+ Eusebius

✠ തോമസ് മാർ യൗസേബിയോസ്

# THE SYRO- MALANKARA CATHOLIC CHURCH

**MORAN MOR BASELIOS CARDINAL CLEEMIS**
Major Archbishop-Catholicos

Major Archiepiscopal Curia
Catholicate Centre
Pattom, Trivandrum-695004

Prot No CCL 1/2025

10.01.2025

## സർക്കുലർ

## കാതോലിക്കാ ദിനം-2025

**അഭിവന്ദ്യ പിതാക്കന്മാരേ, വന്ദ്യ കോറെപ്പിസ്ക്കോപ്പാമാരേ, റമ്പാന്മാരേ, ബഹു. വൈദികരേ, ശെമ്മാശന്മാരേ, സന്യസ്തരേ, കർത്താവിൽ പ്രിയ വിശ്വാസികളേ,**

മലങ്കര സുറിയാനി കത്തോലിക്കാസഭ ആഗോള കത്തോലിക്കാ സഭയിൽ സ്വയം ഭരണാധികാരമുള്ള മേജർ ആർക്കി എപ്പിസ്ക്കോപ്പൽ സഭയായി ഉയർത്തപ്പെട്ടതിന്റെ 20-ാം വാർഷികം 2025 ഫെബ്രുവരി 2-ാം തീയതി നാം കാതോലിക്കാ ദിനമായി ആചരിക്കുന്നു. നമ്മുടെ സഭയെ കാത്തുപരിപാലിക്കുന്ന ദൈവകരുണയ്ക്കും കരുതലിനും സഭയായി നന്ദി പറയാം. "സ്വർഗസ്ഥനായ ദൈവത്തിന് നന്ദി പറയുവിൻ, അവിടുത്തെ കാരുണ്യം അനന്തമാണ്" (സങ്കീ 136:26). സഭയെ ദൈവകരങ്ങളിൽ സമർപ്പണം ചെയ്തു പ്രാർത്ഥിക്കാൻ മാറ്റിവച്ചിരിക്കുന്ന ഈ ദിനത്തിൽ തുടർന്നും നമ്മുടെ സഭാ ശുശ്രൂഷകൾ സജീവവും ദൈവാനുഗ്രഹപ്രദവുമാകാൻ പ്രത്യേകം പ്രാർത്ഥിക്കാം. വിശ്വാസചൈതന്യത്തോടും ആത്മാർത്ഥമായ സമർപ്പണത്തോടുംകൂടെ നാം ഏറ്റെടുത്തിരിക്കുന്ന സഭാ ശുശ്രൂഷകൾ നിർവഹിക്കുവാൻ പ്രാർത്ഥനാപൂർവം പ്രതിജ്ഞ എടുക്കാം. കാതോലിക്കാ ദിനത്തിന്റെ അനുഗ്രഹങ്ങൾ സഭാമക്കളേവർക്കും ഞാൻ നേരുന്നു.

"യേശുമിശിഹായായ ദൈവമേ, വിശുദ്ധ സഭയിൽ ശാന്തിയും

സമാധാനവും കൈവരുത്തണമേ. അതിൽ കലഹങ്ങളും വ്യവഹാരങ്ങളും ഉണ്ടാകാതിരിക്കാൻ തക്കവണ്ണം സ്നേഹപൂർവം അതിനെ സംരക്ഷിക്കണമേ. അതിന് അവിടുന്ന് കുരിശിന്റെ നിഴലിൽ അഭയം നൽകണമേ. അവിടുത്തെ അനുഗ്രഹപൂർണമായ തൃക്കൈ അതിന്മേൽ വച്ച് അതിനെ ആശീർവദിക്കണമേ. തിരുമുഖം കാണത്തക്കവണ്ണം അതിന്റെ കണ്ണുകൾക്ക് പ്രകാശം നൽകണമേ" (ഗിരിദീപം). നിരന്തരമായി സഭയ്ക്കുവേണ്ടി പ്രാർത്ഥിച്ച ധന്യൻ മാർ ഈവാനിയോസ് മെത്രാപ്പോലിത്തായുടെ പ്രാർത്ഥനയാണിത്. പുണ്യപിതാവിനോട് ചേർന്ന് സഭയെ ബലപ്പെടുത്തുന്നതിനായി നമുക്കും പ്രാർത്ഥിക്കാം. കഴിഞ്ഞ കാതോലിക്കാ ദിനത്തിനുശേഷം ആഗോള സഭയിൽ നമ്മുടെ പുണ്യപിതാവിനെ ധന്യൻ പദവിയിലേക്ക് പരി. ഫ്രാൻസിസ് മാർപാപ്പ ഉയർത്തി. സഭയ്ക്ക് നൽകപ്പെട്ട ഈ വലിയ ദൈവാനുഗ്രഹത്തിനുമുമ്പിൽ നമ്രശിരസ്കരാകാം. നന്ദി പറയാം. 1930-ലെ പുനരൈക്യവും സഭയുടെ സ്വയം ഭരണാധികാരമുള്ള മേജർ ആർക്കിഎപ്പിസ്കോപ്പൽ സ്ഥാനലബ്ധിയും സഭാതലവൻ മേജർ ആർച്ച്ബിഷപ്പ്-കാതോലിക്കാ ബാവായായി ഉയർത്തപ്പെട്ടതും സഭാധ്യക്ഷന് കർദ്ദിനാൾ പദവി ലഭിച്ചതും ധന്യൻ മാർ ഈവാനിയോസ് മെത്രാപ്പോലിത്തായുടെ സ്വപ്ന സാക്ഷാത്കാരമാണ്.

അനേകരുടെ പ്രാർത്ഥനയുടെയും ത്യാഗത്തിന്റെയും അനന്തരഫലമാണ് നമ്മുടെ സഭയുടെ വളർച്ച. സഭയുടെ പ്രേഷിത ചൈതന്യത്തെയും സാക്ഷ്യജീവിതത്തെയും ശക്തിപ്പെടുത്തിയ ഭാഗ്യസ്മരണാർഹരായ അഭിവന്ദ്യ പിതാക്കന്മാർ, വൈദികർ, സന്യസ്തർ, അല്മായ പ്രേഷിതർ, ഏവരെയും നന്ദിയോടെ സ്മരിക്കാം. ദൈവസന്നിധിയിൽ അവരെ സമർപ്പിച്ച് പ്രാർത്ഥിക്കാം. ആത്മസമർപ്പണത്തിലൂടെ സഭാ ശുശ്രൂഷകൾ നിർവഹിക്കുന്ന അഭിവന്ദ്യ പിതാക്കന്മാരെയും വൈദി കരെയും സന്യസ്തരെയും സഭാമക്കളെയും നന്ദിയോടെ ഞാൻ സ്മരിക്കുന്നു.

2025 ക്രിസ്തു ജയന്തി ജൂബിലി വർഷമായി ആഗോള സഭ ആചരിക്കുകയാണല്ലോ. "പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല" (റോമ 5:5) എന്ന വലിയ ബോധ്യമാണ് ജൂബിലി വർഷം നമുക്ക് നൽകുന്നത്. പരി. ഫ്രാൻസിസ് മാർപാപ്പായുടെ ആഹ്വാനം നമുക്ക് ഏറ്റെടുക്കാം; "വിശുദ്ധ വർഷത്തിൽ പ്രത്യാശയുടെ തീർത്ഥാടകരായി നമുക്ക് യാത്ര ചെയ്യാം.

അങ്ങനെ നമ്മുടെ വിളിയെ വീണ്ടും കണ്ടെത്തുകയും പരിശുദ്ധാത്മാവിന്റെ വിവിധ ദാനങ്ങൾ പങ്കുവയ്ക്കുകയും ചെയ്യുന്നതിലൂടെ, നമുക്ക് ലോകത്തിൽ യേശുവിന്റെ സ്വപ്നസാക്ഷാത്കാരത്തിന് സാക്ഷികളാകാനും, ദൈവസ്നേഹത്തിൽ ഏകീകൃതരായി, ഒരു കുടുംബമായി രൂപീകരിക്കപ്പെടാനും കഴിയും" (ജൂബിലി സന്ദേശം). ഭാവിയെക്കുറിച്ചുള്ള അനിശ്ചിതത്വം പലരിലും പ്രതികൂലമായ വികാരങ്ങൾക്ക് വഴിയൊരുക്കുന്നു. ഇത് ആത്മവിശ്വാസത്തിൽനിന്ന് ആകുലതയിലേക്കും ശാന്തതയിൽനിന്ന് ആശങ്കയിലേക്കും ഉറച്ച വിശ്വാസത്തിൽ നിന്ന് സംശയത്തിലേക്കും മാറുന്നു. യേശുക്രിസ്തുവാണ് നമ്മുടെ പ്രത്യാശ. അവിടുന്ന് നമ്മെ ക്ഷണിക്കുന്നത് നിരാശയുടെ ജീവിതത്തിലേക്കല്ല, പ്രത്യാശയിലേക്കാണ്. ജൂബിലി വർഷാചരണത്തിലൂടെ നമ്മുടെ ജീവിതത്തിന് പ്രത്യാശയും പുത്തൻ ഉണർവും ലഭിക്കുന്നതിനായി ആഗ്രഹിക്കാം.

പുനരൈക്യത്തിന്റെ ശതാബ്ദി 2030-ൽ നാം ആഘോഷിക്കുകയാണല്ലോ. 2024 മുതൽ ഓരോ വർഷവും വ്യത്യസ്തമായ ആചരണങ്ങളിലൂടെ സഭയെ മുഴുവൻ നവീകരിക്കുന്നതിനുള്ള പ്രയത്നത്തിൽ നാം പങ്കാളികളായിരിക്കുമല്ലോ. സഭ മുഴുവനുമുള്ള നവീകരണത്തിന്റെ ആദ്യപടിയായി 2024 സെപ്തംബർ 20 മുതൽ 2025 സെപ്തംബർ 19 വരെ വചനവർഷമായി ആചരിക്കുന്നു. ദൈവവചനത്തിലൂടെ സഭയെ സ്ഥിരീകരിക്കാനും ശക്തിപ്പെടുത്താനും സർവശക്തനായ ദൈവം നമുക്കായി നൽകിയിരിക്കുന്ന കാലഘട്ടം സജീവവും ജീവദായകവുമായ വചനത്തെ അടുത്തറിയാം, പഠനവിധേയമാക്കാം. അതിലൂടെ വചനത്തിന്റെ സാക്ഷികളാകാൻ ഏവരേയും ഞാൻ ആഹ്വാനം ചെയ്യുന്നു. വചന വർഷാചരണത്തിന്റെ ഭാഗമായുള്ള എല്ലാ ക്രമീകരണങ്ങളിലും സഭാമക്കളേവരും സജീവമായി പങ്കാളികളാകണമെന്ന് പ്രത്യേകം ഓർമിപ്പിക്കുന്നു.

നമ്മുടെ സഭയുടെ 29-ാമത് സാധാരണ എപ്പിസ്കോപ്പൽ സുന്നഹദോസ് 2025 മാർച്ച് 10 മുതൽ 14 വരെ കാതോലിക്കേറ്റ് സെന്ററിൽ സമ്മേളിക്കുന്നതാണ്. പരി. സുന്നഹദോസ് ദൈവാനുഗ്രഹപ്രദമായിത്തീരുന്നതിനായി നിങ്ങൾ ഏവരും പ്രാർത്ഥിക്കണമെന്ന് പ്രത്യേകം ഓർമിപ്പിക്കുന്നു.

മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ വിവിധ പൊതു

ശുശ്രൂഷകളെയും സുന്നഹദോസ് കമ്മീഷനുകളുടെ പ്രവർത്തനങ്ങളെയും ഏകോപിപ്പിക്കുന്ന കേന്ദ്രമാണല്ലോ മേജർ ആർക്കിഎപ്പിസ്കോപ്പൽ കൂരിയ - കാതോലിക്കേറ്റ് സെന്റർ സഭാമക്കളുടെ ഉദാരമായ സഹായസഹകരണങ്ങളോടെയാണ് കാതോലിക്കേറ്റ് സെന്റർ പ്രവർത്തിക്കുന്നത്. കാതോലിക്കാ ദിനത്തിലെ സ്തോത്രകാഴ്ച ഈ പ്രത്യേക നിയോഗത്തിനായി നാം മാറ്റിവയ്ക്കുന്നു. കാതോലിക്കേറ്റിന്റെ പ്രത്യേക ശുശ്രൂഷകൾക്കും സഭയുടെ പൊതുശുശ്രൂഷകൾക്കുമായി നിങ്ങളുടെ ഉദാരമായ സംഭാവനകൾ ഇതിലേക്ക് നൽകണമെന്ന് സഭാമക്കളേവരേയും ഞാൻ ആഹ്വാനം ചെയ്യുന്നു.

ബഹു. വികാരിയച്ചന്മാർ മുൻകൂട്ടി ഈ കാര്യം ഇടവക ജനങ്ങളെ അറിയിക്കുകയും പ്രോത്സാഹിപ്പിക്കുകയും വേണം. ഇടവകകൾ മാത്രമല്ല, നമ്മുടെ എല്ലാ സ്ഥാപനങ്ങളും സന്യാസ സമൂഹങ്ങളും അവയുടെ പ്രോവിൻസുകളും ഈ ഉദ്യമത്തിൽ ഔദാര്യത്തോടെ പങ്കാളികളാകണം. ഇന്ത്യയ്ക്കുപുറത്തുള്ള നമ്മുടെ സഭാകൂട്ടായ്മകളും ഈ സംരംഭത്തിൽ പങ്കുചേരേണ്ടതാണ്. ഭദ്രാസനാദ്ധ്യക്ഷന്മാർ അവരവരുടെ ഭദ്രാസനങ്ങളിൽ നിന്നുള്ള സ്തോത്രകാഴ്ചയും കാണിക്കയും ഏകോപിപ്പിച്ച് സഭാസിനഡിന്റെ തീരുമാനപ്രകാരമുള്ള വിഹിതം അടുത്തുവരുന്ന എപ്പിസ്ക്കോപ്പൽ സുന്നഹദോസിൽ സമർപ്പിക്കേണ്ടതാണ്. സുപ്പീര്യർ ജനറൽമാരും പ്രോവിൻഷ്യൽ സുപ്പീര്യേഴ്സും തങ്ങളുടെ സന്യാസ-സന്യാസിനി സമൂഹങ്ങളുടെ സംഭാവന കാതോലിക്കേറ്റ് സെന്ററിലെ ഫിനാൻസ് ഓഫീസിൽ സുന്നഹദോസിനുമുമ്പ് ഏല്പിക്കേണ്ടതാണ്. ഈ ഉദ്യമത്തിൽ കഴിഞ്ഞവർഷത്തിൽ ഔദാര്യപൂർവം പങ്കുചേർന്ന ഏവരേയും ഞാൻ അഭിനന്ദിക്കുകയും അവരോടുള്ള നന്ദി പ്രത്യേകം അറിയിക്കുകയും ചെയ്യുന്നു.

കാതോലിക്കാ ദിനത്തിൽ വിശുദ്ധ കുർബാനയ്ക്കുശേഷം നമ്മുടെ എല്ലാ ഇടവകകളിലും സ്ഥാപനങ്ങളിലും മിഷൻകേന്ദ്രങ്ങളിലും കാതോലിക്കാ പതാക ഉയർത്തുകയും കാതോലിക്കാദിന പ്രതിജ്ഞ ചൊല്ലുകയും വേണം. ഈ ദിനത്തിൽ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നമ്മുടെ സഭയുടെ പ്രവർത്തനങ്ങളിൽ വ്യാപൃതരായിരിക്കുന്ന എല്ലാ അഭിവന്ദ്യ പിതാക്കന്മാരേയും ബഹു. വൈദികരേയും സന്യസ്തരേയും ദൈവജനത്തേയും പ്രത്യേകം അഭിനന്ദിക്കുകയും നന്ദിയോടെ ഓർക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

ദൈവത്തിന്റെ കരുണയും അനുഗ്രഹങ്ങളും നിങ്ങളുടെമേൽ എന്നും ധാരാളമായി ഉണ്ടായിരിക്കട്ടെ!

എന്ന്,

കർത്താവിൽ നിങ്ങളുടെ വിനീതശുശ്രൂഷി

✠ **ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് ബാവാ**
മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ
മേജർ ആർച്ചുബിഷപ്പ്-കാതോലിക്കോസ്.

**മലങ്കര സുറിയാനി കത്തോലിക്കാ സഭ**

## MCCL ദിനം ഫെബ്രുവരി 9 ഞായർ 2025
## (മലങ്കര കാത്തലിക് ചിൽഡ്രൻസ് ലീഗ്)

# വിശ്വാസ പരിശീലനത്തിന് വേണ്ടിയുള്ള സുന്നഹദോസ് കമ്മീഷൻ ചെയർമാന്റെ സന്ദേശം

അഭിവന്ദ്യ പിതാക്കന്മാരേ, വന്ദ്യകോറെപ്പിസ്ക്കോപ്പാമാരേ, റമ്പാന്മാരേ, ബഹു. വൈദികരേ, ശെമ്മാശന്മാരെ, സന്ന്യസ്തരേ, മാതാപിതാക്കളേ, യേശുവിൽ പ്രിയകുഞ്ഞുങ്ങളേ,

2025 ഫെബ്രുവരി 9 ഞായറാഴ്ച, മലങ്കര സുറിയാനി കത്തോലിക്കാ സഭയിൽ, മലങ്കര കാതലിക് ചിൽഡ്രൻസ് ലീഗ് (MCCL) ദിനമായി ആചരിക്കുകയാണല്ലോ.

'നമ്മുടെ കർത്താവും രക്ഷകനുമായ യേശുക്രിസ്തുവിന്റെ കൃപയിലും അവനെക്കുറിച്ചുള്ള അറിവിലും നിങ്ങൾ വളരുവിൻ. '(2 പത്രോസ് 3: 16) എന്ന് തിരുവചനം നമ്മെ ഉദ്ബോധിപ്പിക്കുന്നു. ദൈവമക്കളുടെ മാതാവും ഗുരുനാഥയുമാകാൻ മിശിഹായിൽ വിളിക്കപ്പെട്ടിരിക്കുന്ന തിരുസഭ, തന്റെ മക്കളെ ഇപ്രകാരം വളർത്തുന്നതിൽ തികച്ചും ഉൽസുകയാണ്. മാമോദീസായിൽ അവൾ ദൈവമക്കളെ ജനിപ്പിക്കുന്നു. ദൈവകൃപയിലും യേശുക്രിസ്തുവിനെക്കുറിച്ചുള്ള അറിവിലും അവൾ അവരെ പരിപോഷിപ്പിക്കുന്നു. ജീവിതകാലം മുഴുവൻ വിശ്വാസി ഈ പോഷണം സ്വീകരിക്കുന്നുണ്ട്. എങ്കിലും ശൈശവത്തിൽ തന്നെ യേശുവിനെ അടുത്തറിയാനും അനുഗമിക്കാനും ഇളംതലമുറ പരിശീലനം നേടുന്ന വേദികളെയാണ് നാം വിശ്വാസപരിശീലന പദ്ധതിയായി മനസ്സിലാക്കുന്നത്. 'ആത്യന്തികമായി ക്രിസ്തുവുമായുള്ള കൂടിക്കാഴ്ചയാണ് വിശ്വാസ പരിശീലന പദ്ധതി ലക്ഷ്യം വയ്ക്കുന്നത്', എന്ന് പരി. ഫ്രാൻസിസ് മാർപാപ്പാ നമ്മെ ഓർമ്മിപ്പിക്കുന്നു. യേശുവിനെക്കു

റിച്ച് പഠിക്കാനും യേശു പഠിപ്പിച്ച ജീവിതമാർഗം മനസ്സിലാക്കാനും മാത്രമല്ല, യേശുവുമായി വ്യക്തിപരമായബന്ധം രൂപപ്പെടുത്താനും വിശ്വാസ പരിശീലനം ഉതകണം എന്നാണ് മാർപാപ്പാ സൂചിപ്പിക്കുന്നത്. മലങ്കര സുറിയാനി കത്തോലിക്കാസഭ വിശ്വാസ പരിശീലനത്തെ സഭയുടെ ഏറ്റവും ഗൗരവമേറിയ അടിസ്ഥാന ശുശ്രൂഷയായിട്ടാണ് എക്കാലത്തും മനസ്സിലാക്കിയിട്ടുള്ളത്. 'നമ്മുടെ കർത്താവ് ഏല്പിച്ച ദൗത്യം എന്നാണ്' ധന്യൻ മാർ ഈവാനിയോസ് മെത്രപ്പോലീത്താ ഈ ശുശ്രൂഷയെ വിശേഷിപ്പിക്കുന്നത്. 'വിത്ത് വിതച്ചിട്ടില്ലാത്ത വയലിൽ നിന്ന് വിളവ് ലഭിക്കാത്തതുപോലെ തന്നെ വേദപാഠം തക്കകാലത്തു നടത്തിയിട്ടില്ലാത്ത ഇടവകയിൽ നിന്നും ദൈവഭക്തരും സന്മാർഗ ജീവിതം നയിക്കുന്നവരുമായ കുഞ്ഞുങ്ങൾ ഉണ്ടാകുമെന്ന് നാം പ്രതീക്ഷിക്കേണ്ടതില്ല' എന്ന് വന്ദ്യ പിതാവ് ഓർമ്മപ്പെടുത്തുന്നു. ക്രമീകൃതമായ ഒരു മതബോധന പദ്ധതിക്കുള്ള അടിസ്ഥാനം പുനരൈക്യത്തിന്റെ ആദ്യകാലങ്ങളിൽ തന്നെ നമ്മുടെ സഭയിൽ രൂപം കൊണ്ടിരുന്നു. അതാത് കാലത്തിന് അനുയോജ്യമായ നവീകരണങ്ങൾ വരുത്താൻ നമ്മുടെ സഭാ നേതൃത്വം എപ്പോഴും ശ്രദ്ധിച്ചിട്ടുണ്ട്.

ചിട്ടയായ ക്ലാസുകളിലൂടെ കുട്ടികളുടെ അറിവ് വർദ്ധിപ്പിക്കുകമാത്രമല്ല വിശ്വാസ പരിശീലനം. വിശ്വാസം അനുഭവമാകുന്നതും ആഴപ്പെടുന്നതും കുട്ടികൾ അവരുടേതായ രീതിയിൽ കൂട്ടായ്മയിൽ പങ്കുചേരുമ്പോഴാണ്. ആരാധനാ കൂട്ടായ്മയിലെ അവരുടെ സജീവ പങ്കാളിത്തം ഉറപ്പാക്കാൻ നാം എപ്പോഴും ശ്രദ്ധിച്ചിരുന്നു. വ്യക്തികൾ എന്ന നിലയിൽ അവരുടെ വളർച്ചയുടെ മറ്റ് മാനങ്ങളിലേക്ക് വിശ്വാസത്തിന്റെ വെളിച്ചം എത്തുന്നതിന് സഹായിക്കുന്ന തരത്തിലാണ് മലങ്കര കാതലിക് ചിൽഡ്രൻസ് ലീഗ് (MCCL) രൂപീകരിക്കപ്പെട്ടത്.

കുട്ടികൾ എന്ന നിലയിൽ തന്നെ സഭാകൂട്ടായ്മാ രൂപീകരണത്തിന്റെ വിവിധ തലങ്ങളിൽ പങ്കുചേരുന്നതിനും നേതൃത്വ പരിശീലനം നേടുന്നതിനും, കലാപരവും, സാംസ്കാരികവുമായ കഴിവുകൾ വികസിപ്പിക്കുന്നതിനും ക്രിസ്തീയമായ സാഹോദര്യത്തിന്റെ പിൻബലമുള്ള സുഹൃദ്ബന്ധങ്ങൾ വളർത്തുന്നതിനും പ്രായോഗികമായ പരസ്നേഹം അഭ്യസിക്കുന്നതിനുമൊക്കെയുള്ള അവസരങ്ങൾ എം.സി.സി.എൽ വഴികുട്ടികൾക്ക് ലഭിക്കുന്നു. സുവിശേഷത്തിന്റെ ചൈതന്യമുള്ളമികച്ച വ്യക്തികളാകാൻ അവർക്ക് സാധിക്കുന്നു. മതബോധന ക്ലാസുകളിൽ നിന്നു ലഭിക്കുന്ന അറിവുകളെ അനുഭവമായി ആഴപ്പെ

ടുത്തുന്നതിനും സാക്ഷ്യമായി വളർത്തുന്നതിനും അവർക്ക് അവസരമൊരുങ്ങുന്നു. മതബോധന പാഠ്യപദ്ധതിയും, ആരാധനാക്രമ പരിശീലനവും, എം.സി.സി.എൽ നൽകുന്ന വ്യക്തിത്വ വികസന സാധ്യതകളും ഒരുമിച്ചു ചേരുമ്പോഴാണ് നമ്മുടെ വിശ്വാസപരിശീലന പദ്ധതി പൂർണ്ണമാകുന്നത്.

എം.സി.സി.എൽ അംഗങ്ങൾ കുട്ടികൾ മാത്രമാണെങ്കിലും പ്രായോഗികമായ ക്രിസ്തീയ പാഠങ്ങൾ അവരെ പഠിപ്പിക്കുന്ന മാതാപിതാക്കളും ത്യാഗപൂർവം ഇടവകകളിൽ മതബോധന വേദികളിൽ അറിവും സാക്ഷ്യവും പങ്കുവച്ച് അവരെ ബലപ്പെടുത്തുന്ന പ്രിയ അധ്യാപകരും ഈ സംഘടനയുടെ ശക്തിസ്രോതസ്സുകളാണ്. അവരോടൊപ്പം ഇടവകകളിലെ പ്രവർത്തനങ്ങൾക്ക് മാർഗനിർദ്ദേശവും ശക്തിയും നൽകുന്ന വന്ദ്യരായസമർപ്പിതരെയും ബഹുമാനപ്പെട്ട വൈദികരെയും നന്ദിയോടെ ഓർക്കുന്നു. രൂപതാതലങ്ങളിൽ കുട്ടികളെ സംഘടിപ്പിക്കുന്നതിനും പരിശീലിപ്പിക്കുന്നതിനും നടക്കുന്ന വിവിധ ശുശ്രൂഷകളെ ഓർത്ത് സഭയുടെ നാമത്തിൽ നന്ദി അറിയിക്കുന്നു.

പുനരൈക്യ ശതാബ്ദിയുടെ ഒരുക്കമായി കഴിഞ്ഞ പുനരൈക്യ വാർഷികം മുതലുള്ള ഒരു വർഷക്കാലം നാം വചനവർഷമായി ആചരിക്കുകയാണല്ലോ. 'എന്റെ വചനത്തിൽ വസിക്കുക' (യോഹ. 8: 3) എന്നതാണ് വചനവർഷത്തിന്റെ ആപ്തവാക്യമായി നാം സ്വീകരിച്ചിരിക്കുന്നത്. ഈ കാലയളവിൽ സഭ മുഴുവനും നടക്കുന്ന ആത്മീയ നവീകരണത്തിന്റെ ഭാഗമായി വിശുദ്ധ ലിഖിതം കൂടുതൽ ആഴത്തിൽ പഠിക്കുന്നതിനും ഉൾക്കൊള്ളുന്നതിനും നാം ആഗ്രഹിക്കുന്നു. ആത്മീയമായതലത്തിൽ വചനത്തെ ഉൾക്കൊള്ളാൻ നമ്മെ ഒരുക്കുന്ന ലെക്സ്യോദിവീനാ (വിശുദ്ധ വായന) പരിശീലിക്കുന്നതിനും വ്യക്തിപരമായി വചനം കൂടുതൽ വായിക്കുന്നതിനും ഉൾക്കൊള്ളുന്നതിനും നമ്മെ സഹായിക്കുന്ന കർമ്മ പദ്ധതികൾ എം.സി.സി.എൽ വിവിധ തലങ്ങളിൽ നടപ്പിലാക്കുന്നുണ്ട്. വചനം പഠിക്കുകയും പങ്കുവയ്ക്കുകയുമാണല്ലോ വിശ്വാസ പരിശീലനത്തിന്റെ ഏറ്റവും അടിസ്ഥാനഭാഗം. എഴുതപ്പെട്ട വചനമായ വിശുദ്ധ ബൈബിൾ വായിക്കുന്നതിനും പഠിക്കുന്നതിനും ജീവിക്കുന്നതിനും എല്ലാവരും ഒരുമിച്ച് ശ്രമിക്കുന്നതുവഴി വലിയ ആത്മീയ നന്മകൾ നമ്മുടെ കൂട്ടായ്മകൾക്കും കുടുംബങ്ങൾക്കും ഉണ്ടാകട്ടെ എന്ന് ആശംസിക്കുകയും പ്രാർഥിക്കുകയും ചെയ്യുന്നു.

സഭയുടെ എല്ലാ ഉദ്യമങ്ങളിലും ഏറ്റവും വിശ്വസ്തമായി സ്വയം സമർപ്പിക്കുന്ന നമ്മുടെ അധ്യാപകരുടെ സവിശേഷമായ സഹകരണം വചനവർഷവുമായി ബന്ധപ്പെട്ട കർമ്മപരിപാടികളിൽ ആവശ്യമാണ്. വചനം കൂടുതൽ ആഴത്തിൽ മനസ്സലാക്കാൻ നൽകപ്പെടുന്ന ക്ലാസുകളിലും മറ്റു പരിശീലന പദ്ധതികളിലും ഉൽസാഹത്തോടെ പങ്കെടുക്കുന്നതിനും കുട്ടികൾക്കുള്ള പരിശീലന പദ്ധതികളിൽ നേതൃത്വം വഹിക്കുന്നതിനും അവർ ഔദാര്യ പൂർവം സമയം കണ്ടെത്തുമെന്ന് എനിക്കുറപ്പുണ്ട്. സഭാകേന്ദ്രത്തിൽ നിന്നും ഭദ്രാസനങ്ങളിൽ നിന്നും ലഭിക്കുന്ന നിർദ്ദേശങ്ങൾ അനുസരിച്ച് ഈ കർമ്മ പരിപാടികൾ മുടക്കംകൂടാതെ നടക്കുന്നതിന് നമുക്ക് ഒരുമിച്ച് പരിശ്രമിക്കാം. വിശ്വാസം പകർന്നുകൊടുക്കാൻ വിളിക്കപ്പെട്ടവർ എന്ന നിലയിൽ ഈ ശുശ്രൂഷയെ നമുക്ക് ഒരുമിച്ച് ശക്തിപ്പെടുത്താം.

2025 ഫെബ്രുവരി 9 എം.സി.സി.എൽ ദിനമായി, ഭദ്രാസന ഡയറക്ടർമാരുടെയും ഇടവക വികാരിമാരുടെയും നിർദ്ദേശങ്ങൾ അനുസരിച്ച്, സമുചിതമായ കർമ്മപരിപാടികളോടെ ആചരിക്കണം എന്ന് ഈ അവസരത്തിൽ ഓർമ്മപ്പെടുത്തുന്നു. വി. കുമ്പസാരം, വിശുദ്ധ കുർബാനയിലെ സജീവമായ പങ്കാളിത്തം, സമ്മേളനം, വിവിധ പഠന വേദികൾ, വചനവർഷവുമായി ബന്ധപ്പെട്ട പ്രത്യേക പരിപാടികൾ മുതലായവ ദിനാചരണത്തിന്റെ ഭാഗമാക്കുന്നത് ഉചിതമായിരിക്കും. കുട്ടികളെ കർമ്മ നിരതമായ ക്രിസ്തീയ ജീവിതത്തിലേക്ക് കൈപിടിച്ചുകയറ്റുന്ന ഈ ശുശ്രൂഷയുടെ പ്രസക്തി നമ്മുടെ സഭയുടെ എല്ലാ മേഖലകളിലും ശ്രദ്ധിക്കപ്പെടുന്നതിന് ഈ ദിനാചരണം നിമിത്തമായിത്തീരട്ടെ.

മിശിഹായിൽ സ്നേഹപൂർവ്വം.

+ Eusebius

**✠തോമസ് മാർ യൗസേബിയൂസ് മെത്രാപ്പോലീത്താ**
മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ
വിശ്വാസ പരിശീലന കമ്മീഷൻ ചെയർമാൻ,
പാറശ്ശാല ഭദ്രാസനാധ്യക്ഷൻ.

# മലങ്കര സുറിയാനി കത്തോലിക്കാ സഭ

## മാധ്യമ ജൂബിലിയാചരണം

പ്രത്യാശയുടെ ജൂബിലി വർഷത്തിലെ മാധ്യമ ജൂബിലിയാചരണത്തിന് 2025 ജനുവരി 25-ന് പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പ വത്തിക്കാനിലെ പോൾ ആറാമൻ ഹാളിൽ തുടക്കം കുറിച്ചു. മിഥ്യാധാരണകളോ, ഭയങ്ങളോ, ജനിപ്പിക്കാതെ, പ്രത്യാശയുടെ അനുഭവങ്ങൾ നൽകാൻ കഴിയുന്ന ഒരു ആശയവിനിമയത്തെക്കുറിച്ചും പ്രത്യാശയുടെയും നന്മയുടെയും സംഭവങ്ങൾക്ക് പ്രാധാന്യം നൽകികൊണ്ടുള്ള ഒരു മാധ്യമ സംസ്കാരം രൂപപ്പെടുത്താൻ മാർപാപ്പ ആഹ്വാനം ചെയ്തു. തുടർന്ന് മാധ്യമ ജൂബിലിയുടെ ഭാഗമായുള്ള എപ്പിസ്കോപ്പൽ കമ്മിഷൻ ഫോർ കമ്മ്യൂണിക്കേഷന്റെ പ്രസിഡന്റുമാരുടെയും സോഷ്യൽ കമ്മ്യൂണിക്കേഷൻ ഡയറക്ടർമാരുടെയും ആഗോള സമ്മേളനം ജനുവരി 27 മുതൽ 29 വരെ വത്തിക്കാനിൽ നടത്തപ്പെട്ടു. മലങ്കര സുറിയാനി കത്തോലിക്കാ സഭയെ പ്രീതിനിധികരിച്ച് സിനഡൽ കമ്മീഷൻ ഫോർ കമ്മ്യൂണിക്കേഷൻ ആൻഡ് മീഡിയ സെക്രട്ടറി ഫാ. ജോൺ തോട്ടത്തിൽ പങ്കെടുത്തു.

## മലങ്കര മൊബൈൽ ആപ്ലിക്കേഷൻ

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ഔദ്യോഗിക മൊബൈൽ ആപ്ളിക്കേഷൻ മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ തലവനും പിതാവുമായ മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാബാവാ സഭയ്ക്ക് സമർപ്പിച്ചു. മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ കുരിയ മെത്രാനും സഭയുടെ മീഡിയ കമ്മീഷൻ ചെയർമാനുമായ ആന്റണി മാർ സിൽവാനോസ് പിതാവിന്റെ നിർദ്ദേശങ്ങളോടെ, മലങ്കര ലൈബ്രറി ടീമാണ് മൊബൈൽ ആപ്പ് ഡെവലപ്പ് ചെയ്തത്.

# ഭദ്രാസന വാർത്തകൾ

## കശീശ്ശോ പട്ടം

പാറശ്ശാല ഭദ്രാസനത്തിനു വേണ്ടി വൈദിക പരിശീലനം പൂർത്തിയാക്കിയ, ഡീക്കൻ ഫിലിപ്പ് ക്രൈസ്റ്റ് നിവാസ്, ഡീക്കൻ സിബി തുണ്ടിയിൽ, ഡീക്കൻ അൽഫോൻസ് ഉഴുന്നുവിള, ഡീക്കൻ ബോസ്കോ കാരവിള, ഡീക്കൻ അനിറ്റ് ഫ്രാൻസിസ് മുല്ലശ്ശേരി എന്നിവർ, 2024 ഡിസംബർ 26 വ്യാഴാഴ്ച ഉച്ചയ്ക്കുശേഷം 2.30 ന് സെന്റ് ജോർജ് മലങ്കര സുറിയാനി കത്തോലിക്കാ തീർത്ഥാടന ദൈവാലയത്തിൽ വച്ച് പാറശ്ശാല ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്തായുടെ തൃക്കയ്യാൽ ശുശ്രൂഷാ പൗരോഹിത്യം സ്വീകരിച്ചു.

പാറശ്ശാല ഭദ്രാസന വികാരി ജനറാൾ റവ. മോൺ. ജോസ് കോണത്തുവിള, ബഹു. വൈദികർ, സന്ന്യസ്തർ, വൈദിക വിദ്യാർത്ഥികൾ, വിശ്വാസികൾ എന്നിവർ ശുശ്രൂഷയിൽ സംബന്ധിച്ചു. പാറശ്ശാല ഭദ്രാസന ചാൻസലർ റവ. ഫാ. ബിജോയ് ഊരാളിവിള, പ്രൊക്യുറേറ്റർ റവ. ഫാ. ബെർണാഡ് വലിയവിള, മൈനർ സെമിനാരി റെക്ടർ റവ. ഫാ. അലോഷ്യസ് തുണ്ടുതട്ടുവിള, സെന്റ് ജോർജ് ചാരോട്ടുകോണം ഇടവക വികാരി റവ. ഫാ. പ്രഭീഷ് ജോർജ് എന്നിവർ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി.

2024 ഡിസംബർ മാസം 27 മുതൽ 31-ാം തീയതി വരെയുള്ള ദിവസങ്ങളിൽ മാതൃ ഇടവകകളിൽ വച്ച് അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ് പിതാവിന്റെ സാന്നിധ്യത്തിൽ നവവൈദികർ പ്രഥമ ദിവ്യ ബലിയർപ്പണം നടത്തുകയും ചെയ്തു.

## Priests Appointments - January 2025

| | |
|---|---|
| 1. Fr. Punnara John | Chemparathivila, Vandannoor |
| 2. Fr. Joshua Kottavila | Kulathamal, Viraly |
| | Kakkottukonam |
| 3. Fr. Abin Mullackal | Thachottukavu, Pottayil |

| | | |
|---|---|---|
| 4. | Fr. John Paul | Kuttichal, Kottoor, Kalliyal |
| 5. | Fr. Joshua Thenuvila | Ponneduthakuzhy, Cherukode Pezhummoodu |
| 6. | Fr. Joseph Kalluvilakathu | Kandala, Malayinkeezhu |
| 7. | Fr. Santhosh Ennavila | Aruvattukonam, Chanaikonam Ottasekharamangalam |
| 8. | Fr. Vimal Vincent | Dhanuvachapuram, Kottamam |

## New Priests

| | | |
|---|---|---|
| 1. | Fr. Sebastianos Thundiyil | Asst. to Rev. Fr. Thomas Pottapurayidam |
| 2. | Fr. Philip Christnivas | Asst. to Rev. Fr. Samuel Thiruhridayam |
| 3. | Fr. Alphonse Uzhunnuvila | Asst. to Rev. Fr. Santhosh Ennavila |
| 4. | Fr. Anit Francis Mullassery | Asst. to Rev. Fr. Aloysious Thunduthattu |
| 5. | Fr. Bosco Karavila | Asst. to Rev. Fr. Thomas Varghese Vattapparambil |



# എം.സി.വൈ.എം.

## അസ്സീസിയൻ സൗഹൃദതീരം






എം.സി.വൈ.എം. പാറശ്ശാല ഭദ്രാസന സമിതിയുടെ നേതൃത്വത്തിൽ അസ്സീസിയൻ സൗഹൃദതീരം ഡിസംബർ 01, ഞായറാഴ്ച ഉച്ചയ്ക്ക് കൊച്ചുപള്ളി സെന്റ് പീറ്റേഴ്സ് കത്തോലിക്കാ ദൈവാലയത്തിൽ വച്ച് നടത്തപ്പെട്ടു. മേജർ സെമിനാരി പ്രൊഫസർ ഫാ. ജോളി കരിമ്പിൽ ഭദ്രാസനത്തിലെ യുവജനങ്ങൾ ഈ കാലഘട്ടത്തിൽ അഭിമുഖികരിക്കുന്ന വിശ്വാസ സംബന്ധമായ സംശയങ്ങൾക്ക് മറുപടി നൽകി. തുടർന്ന് കെ.സി.വൈ.എം. സിന്റിക്കേറ്റ് അഗസ്റ്റിൻ ജോണും ഭദ്രാസന വൈസ് പ്രസിഡന്റ് ജീന രാജും ചേർന്ന് യുവജനങ്ങളെ വിവിധ ഗ്രൂപ്പുകളായി

തിരിച്ചു ഗെയിം നടത്തി. കളികളിലൂടെയും സൗഹൃദം പങ്കുവെയ്ക്കലി ലൂടെയും സൗഹൃദതീരം ഒരു സ്നേഹ കൂട്ടായ്മയായി മാറി. വൈദിക ജില്ലകൾ ക്രമീകരിച്ച സ്നേഹഭോജനം സൗഹൃദ തീരത്തിനു രുചി പകർന്നു. ക്രമീകരണങ്ങൾക്ക് ഭദ്രാസന സമിതി നേതൃത്വം നൽകി.

## വാർഷിക സെനറ്റ്




എം.സി.വൈ.എം. പാറശ്ശാല ഭദ്രാസനത്തിന്റെ വാർഷിക സെനറ്റ്

സമ്മേളനം 2024 ജനുവരി 12, ഞായറാഴ്ച ഉച്ചയ്ക്ക് 2 മണിക്ക് ബാലരാമപുരം വൈദിക ജില്ലയുടെ ആതിഥേയത്വത്തിൽ പൊറ്റയിൽ ഹോളി ക്രോസ്സ് മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിൽ വച്ച് നടന്നു. ഭദ്രാസന പ്രസിഡന്റ് ശരത് ലാലിന്റെ അധ്യക്ഷതയിൽ കൂടിയ സെനറ്റ് സമ്മേളനം ബാലരാമപുരം വൈദികജില്ലാ വികാരി ജോർജ്ജ് വെട്ടികാട്ടിൽ അച്ചൻ ഉദ്ഘാടനം ചെയ്യുകയും ഭദ്രാസന ഡയറക്ടർ ഫാ. ജെറോം കുന്നിൻപുറത്ത് ആമുഖ സന്ദേശം നൽകുകയും ചെയ്തു. ബാലരാമപുരം വൈദികജില്ല ഡയറക്ടർ ആന്റോ വടക്കേതിൽ അച്ചനും വൈദികജില്ല പ്രസിഡന്റ് അലോഷ്യസും യൂണിറ്റ് പ്രസിഡന്റ് അരുൺ ജോസും പ്രസ്തുത സമ്മേളനത്തിന് ആശംസകൾ അറിയിച്ചു സംസാരിച്ചു.

വൈദിക ജില്ലകൾ കഴിഞ്ഞ 6 മാസക്കാലത്തെ റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു. അതെത്തുടർന്ന് ഭദ്രാസന സമിതിയുടെ റിപ്പോർട്ട് ജനറൽ സെക്രട്ടറി ജിജോ ഇമ്മാനുവേലും വരവ് ചെലവ് കണക്ക് ട്രഷറർ അപർണ ജി വിൽസണും അവതരിപ്പിച്ചു. സംഘടനാ ചർച്ചയോടെ സെനറ്റ് സമ്മേളനം അവസാനിച്ചു. ആതിഥേയത്വം വഹിച്ച ബാലരാമപുരം വൈദിക ജില്ലക്കും സെനറ്റിനു വേദിയായ പൊറ്റയിൽ യൂണിറ്റിനും ഭദ്രാസന സമിതിയുടെ ഹൃദയം നിറഞ്ഞ നന്ദി.

## പ്രാർത്ഥനാശംസകൾ



കെ.സി.വൈ.എം. സംസ്ഥാന സെക്രട്ടറിയായി ചുമതലയേറ്റെടുത്ത ജീന ജോർജിന് പാറശ്ശാല ഭദ്രാസന യുവജന കുടുംബത്തിന്റെ പ്രാർത്ഥനാശംസകൾ.



മലങ്കര സുറിയാനി കത്തോലിക്ക സഭയിലെ യുവജനങ്ങൾക്കായി യുവജനങ്ങളെ ദൈവവചനത്തിൽ വസിക്കുക എന്ന തീം തയ്യാറാക്കുകയും Global Meet 2025 വേദിയിൽ അവതരിപ്പിക്കുകയും ചെയ്ത പാറശ്ശാല ഭദ്രാസനാംഗവും എം.സി.വൈ.എം. സഭാതല ഡയറക്ടറുമായ ഡോ. പ്രഭീഷ് ജോർജ്ജ് അച്ചന് പാറശ്ശാല ഭദ്രാസന യുവജന കുടുംബത്തിന്റെ പ്രാർത്ഥനാശംസകൾ.

# കെ.സി.എസ്.എൽ.

## രൂപത കലോത്സവം




2024-25 വർഷത്തെ രൂപത കലോത്സവം, പ്രാവച്ചമ്പലം മാർ ഗ്രിഗോറിയോസ് ഇംഗ്ലീഷ് മീഡിയം സ്കൂളിൽ വച്ച് ഡിസംബർ മാസം ഏഴാം തീയതി നടത്തി. രൂപതയിലെ വിവിധ സ്കൂളുകളിൽ നിന്നുള്ള 150 ലധികം കുട്ടികൾ മത്സരങ്ങളിൽ പങ്കെടുത്തു.

## കരോൾ ഗാനമത്സരം



ക്രിസ്തുമസിനോട് അനുബന്ധിച്ച് നടത്തിയ കരോൾ ഗാന മത്സരത്തിൽ വിവിധ സ്കൂളുകൾ പങ്കെടുത്തു. പാപ്പനംകോട് സെന്റ് മേരീസ്

സ്കൂളിന് ഒന്നാം സ്ഥാനവും, പ്രാവച്ചമ്പലം മാർ ഗ്രിഗോറിയോസ് ഇംഗ്ലീഷ് മീഡിയം സ്കൂളിന് രണ്ടാം സ്ഥാനവും, വണ്ടന്നൂർ സെന്റ് മേരീസ് സ്കൂളിന് മൂന്നാം സ്ഥാനവും ലഭിച്ചു.

## സംസ്ഥാന കലോത്സവം




ജനുവരി 18 ന് പാലാ രൂപതയിലെ കുറവിലങ്ങാട് സെന്റ് മേരീസ് ഹയർ സെക്കന്ററി സ്കൂളിൽ സംഘടിപ്പിച്ച സംസ്ഥാന കലോത്സവത്തിൽ, പാറശ്ശാല രൂപതയെ പ്രതിനിധീകരിച്ച് LP, UP, HS, HSS വിഭാഗങ്ങളിലായി, രൂപതാതല മത്സരങ്ങളിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയ കുട്ടികൾ പങ്കെടുത്തു. LP വിഭാഗം ചിത്രരചന മത്സരത്തിൽ പ്രാവച്ചമ്പലം മാർ ഗ്രിഗോറിയോസ് ഇംഗ്ലീഷ് മീഡിയം സ്കൂളിലെ വേദിക സനൽ രണ്ടാം സ്ഥാനം കരസ്ഥമാക്കി പാറശ്ശാല രൂപതയുടെ അഭിമാനമായി.






## പരീക്ഷ ഒരുക്ക ധ്യാനം



യൂണിറ്റ് തലങ്ങളിൽ 10, 12 ക്ലാസുകളിൽ പരീക്ഷ എഴുതുന്ന കുട്ടികൾക്ക് വേണ്ടി, പരീക്ഷ ഒരുക്കധ്യാനം സംഘടിപ്പിച്ചു. ഫാ. ഫിലിപ്പ് മെമ്മോറിയൽ സ്കൂൾ നെല്ലിക്കാട്, മാർ ഗ്രിഗോറിയോസ് ഇംഗ്ലീഷ് മീഡിയം സ്കൂൾ പ്രാവച്ചമ്പലം, സെന്റ് മേരീസ് ഇംഗ്ലീഷ് മീഡിയം സ്കൂൾ വണ്ടന്നൂർ, സെന്റ് മേരീസ് ഹൈസ്കൂൾ പാപ്പനംകോട്, ഗുഡ് ഷെപ്പേർഡ് ഇംഗ്ലീഷ് മീഡിയം സ്കൂൾ മലയിൻകീഴ് എന്നീ യൂണിറ്റുകൾ കൃത്യസമയത്ത് റിപ്പോർട്ടുകൾ നൽകി.

## ഡയറക്ടേഴ്സ് മീറ്റ്

പാലാരിവട്ടം പി.ഒ.സി യിൽ ഫെബ്രുവരി മാസം പതിനൊന്നാം തീയതി, കെ.സി.ബി.സി. വിദ്യാഭ്യാസ കമ്മീഷൻ ചെയർമാൻ അഭിവന്ദ്യ ജോഷ്വാ മാർ ഇഗ്നാത്തിയോസ് പിതാവിന്റെ അനുഗ്രഹീത സാന്നിധ്യത്തിൽ ചേർന്ന മീറ്റിങ്ങിൽ കെ.സി.എസ്.എൽ. പാറശ്ശാല രൂപത ഡയറക്ടർ ഫാ. ആന്റോ വടക്കേതിൽ സംബന്ധിച്ചു.

## യൂണിറ്റ് ഉദ്ഘാടനം



പാറശ്ശാല രൂപതയിലെ വെങ്ങാനൂർ മലങ്കര വി.പി.എസ്. ഹയർ സെക്കൻഡറി സ്കൂളിൽ, കെ.സി.എസ്.എൽ.ന്റെ പുതിയ യൂണിറ്റ്, രൂപതാ ഡയറക്ടർ ഫാ. ആന്റോ വടക്കേതിൽ, രൂപതാ പ്രസിഡന്റ് ശ്രീ. ജോയ് ഫ്രാൻസിസ് മുല്ലശ്ശേരി, രൂപതാ ജനറൽ ഓർഗനൈസർ സി. ടെസിൻ SH, യൂണിറ്റ് ആനിമേറ്റർമാരായ സി. സുകൃത ഡി.എം., സി. മെറീന പോൾ ഡി.എം., ശ്രീമതി സെലിൻ, വി.പി.എസ്. ഹയർ സെക്കൻഡറി സ്കൂളിലെ കത്തോലിക്കരായ വിദ്യാർത്ഥി-വിദ്യാർത്ഥിനികൾ എന്നിവരുടെ സാന്നിധ്യത്തിൽ ഫെബ്രുവരി മാസം 21-ാം തീയതി ഉദ്ഘാടനം ചെയ്തു.

## അഭിനന്ദനങ്ങൾ



കെ.സി.എസ്.എൽ. സംസ്ഥാന പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ട, പാറശ്ശാല ഭദ്രാസനാംഗം ശ്രീ. ജോയ് ഫ്രാൻസിസ് മുല്ലശ്ശേരിയ്ക്ക് ഭദ്രാസന സമിതിയുടെ അഭിനന്ദനങ്ങൾ.

# എം.സി.എ.



## എം.സി.എ. പാറശ്ശാല ഭദ്രാസന ഭാരവാഹികൾ

മലങ്കര കാത്തലിക് അസോസിയേഷൻ പാറശ്ശാല ഭദ്രാസന ഭാരവാഹികൾ. സബീഷ് പീറ്റർ തിരുവല്ലം (പ്രസിഡന്റ്) ജോൺ ഷൈജു ചെറുവാരക്കോണം, ജയന്തി ചെക്കടി (വൈസ് പ്രസിഡന്റുമാർ) അനീഷ് എസ് വടകര (ജനറൽ സെക്രട്ടറി), സുമന ലാൽ (ട്രഷറർ), ബെൻസി കളിയൽ, (ജോ. സെക്രട്ടറി), ധർമരാജ് പിൻകുളം, മോഹനൻ കണ്ണറവിള, ഷെർളി കളിയാൽ എന്നിവരെ ഭദ്രാസന കമ്മിറ്റി ഭാരവാഹികളായി തിരഞ്ഞെടുത്തു.

**ഉപരിസമിതി അംഗങ്ങൾ**

ബെർലിൻ സ്റ്റീഫൻ, തോമസ് വാഴിച്ചൽ, രാജേന്ദ്രൻ പേഴുമൂട്, പുഷ്പകുമാരി കുഴിഞ്ഞാൻവിള, ബേബി ആലുവിള, സജിൻ ദാസ് കാട്ടാക്കട, തങ്കരാജ് പൊന്നെടുത്താംകുഴി, ഷൈൻ കുടയാൽ, രാജയ്യൻ വെണ്ണിയൂർ, ബൈജു മേക്കോണം, സുനിൽകുമാർ മഞ്ചങ്കോട്.

**നോമിനേറ്റഡ് മെമ്പേഴ്സ്**

ഇന്നസെന്റ് ചാരോട്ടുകോണം, ബിജു കണ്ടല, ജയ തോമസ് കൊടങ്ങാവിള, സുദർശനൻ മുല്ലൂർ, ഷൈൻ എൽ. സ്റ്റീഫൻ കാഞ്ഞിരംകുളം.

## ഭദ്രാസന സമിതിയുടെ സത്യപ്രതിജ്ഞ

എം.സി.എ. പാറശ്ശാല ഭദ്രാസന സമിതിയുടെ സത്യപ്രതിജ്ഞ,








2025 ജനുവരി മാസം 26–ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 3:00 മണിക്ക് കോട്ടവിള കത്തീഡ്രൽ ദൈവാലയത്തിൽ വച്ച് ഭദ്രാസനാധ്യ

ക്ഷൻ അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ് പിതാവിന്റെ മുമ്പാകെ നടത്തി. എല്ലാ ഭാരവാഹികളും പ്രസ്തുത മീറ്റിങ്ങിൽ പങ്കെടുത്തു. സിസ്റ്റർ വിനീത പോൾ ഡി.എം., ഭദ്രാസന പ്രസിഡന്റ് സബീഷ് പീറ്റർ തിരുവല്ലം, സ്പിരിചൽ ഡയറക്ടർ തോമസ് പൊറ്റപുരയിടം, ജനറൽ സെക്രട്ടറി അനീഷ് എസ്. വടകര എന്നിവർ ചടങ്ങുകൾക്ക് നേതൃത്വം നൽകി.

## എം.സി.എ. സഭാതല അസംബ്ലിയും തെരഞ്ഞെടുപ്പും



എം.സി.എ. സഭാതല അസംബ്ലിയും തെരഞ്ഞെടുപ്പും 2025 ജനുവരി 27 മുതൽ 28 വരെ മാവേലിക്കര ജീവാരാം ബഥനി ആശ്രമത്തിൽ വച്ച് നടന്നു. പ്രസ്തുത മീറ്റിങ്ങിൽ പാറശ്ശാല ഭദ്രാസന സമിതിയിൽ നിന്നും 14 അംഗങ്ങൾ പ്രസിഡന്റ് സബീഷ് പീറ്ററിന്റെ നേതൃത്വത്തിൽ പങ്കെടുത്തു.



## നന്ദി

സഭാതല ജനറൽ സെക്രട്ടറിയായി 2023-24 വർഷം സ്തുത്യർഹമായ സേവനം ചെയ്ത, പാറശ്ശാല ഭദ്രാസനാംഗമായ ശ്രീ. ധർമ്മരാജ് പിൻകുളത്തിന്, അസംബ്ലിയിൽ നന്ദിയർപ്പിച്ചു.

## ആശംസകൾ

മാവേലിക്കരയിൽ വച്ച് നടന്ന സഭാതല അസംബ്ലിയിൽ പാറശ്ശാല ഭദ്രാസനാംഗമായ ശ്രീമതി ഷെർലി കുടയാലിനെ സഭാതല വൈസ് പ്രസിഡന്റായി തിരഞ്ഞെടുത്തു. പാറശ്ശാല ഭദ്രാസന സമിതിയുടെ അഭിനന്ദനങ്ങൾ, ആശംസകൾ.

## എം.സി.എ. പാറശാല ഭദ്രാസനം കർമ്മപദ്ധതി


എം.സി.എ. പാറശാല ഭദ്രാസന സമിതിയുടെ കർമ്മപദ്ധതികളുടെ ഉദ്ഘാടന കർമ്മം, ഇവാനോ സ്ക്വയർ ഹാളിൽ, ഭദ്രാസനാധ്യക്ഷൻ അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ് പിതാവ് നിർവഹിച്ചു. ഭദ്രാസന പ്രസിഡന്റ് സബീഷ് പീറ്റർ തിരുവല്ലം അധ്യക്ഷത വഹിച്ച യോഗത്തിൽ 'കർമ്മപദ്ധതി രൂപീകരണം - യൂണിറ്റ്, ജില്ലാ, ഭദ്രാസനതലങ്ങളിൽ' എന്ന വിഷയത്തിൽ, ക്ഷേമ ഡയറക്ടർ ഫാ. ജോർജ് വെട്ടിക്കാട്ടിൽ വിഷയാവതരണം നടത്തി. ആമുഖ പ്രഭാഷണം ഫാ. തോമസ് പൊറ്റപുരയിടം നടത്തി. ഫാ. അനി സക്കറിയ പതാക ഉയർത്തുകയും സിസ്റ്റർ വിനീത പോൾ പ്രതിജ്ഞ ചൊല്ലിക്കൊടുക്കുകയും ചെയ്തു. സഭാതല പ്രസിഡന്റ്, ബൈജു എസ്. ആർ. പുത്തൂർ മുഖ്യ പ്രഭാഷണം നടത്തുകയും കേരള സംസ്ഥാന ബാലാവകാശ കമ്മീഷൻ അംഗം ഡോ. എഫ് വിൽസൺ, കർമ്മപദ്ധതി ബുക്ക്ലെറ്റ് പ്രകാശനവും നിർവഹിച്ചു. ഫാ. ഗീവർഗീസ് ജോർജ്, ധർമ്മരാജ് പിൻകുളം, ഷെർളി കുടയാൽ, മോഹനൻ കണ്ണറവിള, ബൈജു മേക്കോണം, അനീഷ് എസ്. വടകര, സുമനലാൽ, ഷൈൻ എൽ. സ്റ്റീഫൻ, ജോൺ ഷൈജു എന്നിവർ ആശംസകൾ അർപ്പിച്ചു.

# MCMF

## ഗ്ലോറിയ – MCMF ക്രിസ്തുമസ് ആഘോഷം




MCMF ക്രിസ്തുമസ് ആഘോഷം കാട്ടാക്കട ജില്ലാ സമിതിയുടെ ആതിഥേയത്വത്തിൽ കാട്ടാക്കട സെന്റ് മേരീസ് ദൈവാലയത്തിൽ വച്ച് നടത്തപ്പെട്ടു. MCMF ഭദ്രാസന ഡയറക്ടർ ബഹു. ജോസ് പാറയിൽകട അച്ചൻ ആമുഖസന്ദേശം നൽകി. മുഖ്യാതിഥി, MCA ഭദ്രാസന ഡയറക്ടറും കാട്ടാക്കട ജില്ലാ വികാരിയുമായ ബഹു. തോമസ് പൊറ്റപുരയിടം അച്ചൻ, ക്രിസ്തുമസ് സന്ദേശം നൽകി. തുടർന്ന് അമ്മമാർക്കായി വിവിധ വിനോദ പരിപാടികൾ ശ്രീ. അനു പന്ത നടത്തി. ഉണ്ണിക്കുറി എടുത്തു. എല്ലാ ജില്ലയുടെയും കലാപരിപാടികൾ ഉണ്ടായിരുന്നു. പ്രസ്തുത ആഘോഷ വേളയിൽ വച്ച് MCMF ന് ലോഗോ സമ്മാനിച്ച പാറശ്ശാല ഭദ്രാസനത്തിലെ ശ്രീമതി പ്രിൻസി വിൽസൺ പൊന്നെടുത്താംകുഴിയെ ആദരിച്ചു. പുനരൈക്യ ക്വിസ്, ഉപന്യാസ രചനാ, കവിതാ രചനാ എന്നിവയുടെ സമ്മാനങ്ങൾ നൽകി. ആഘോഷങ്ങൾക്ക് കാട്ടാക്കട ജില്ലാ ഡയറക്ടർ ബഹു ജോസഫ് മേക്കുംകര അച്ചന്റെ നേതൃത്വത്തിലുള്ള ജില്ലാ സമിതി നേതൃത്വം നൽകി.



# ബൈബിൾ അപ്പസ്തോലേറ്റ്

## സുവിശേഷ സംഗമം







2025 ഫെബ്രുവരി 26–ാം തീയതി, കൊടങ്ങാവിള ദൈവാലയത്തിൽ വച്ച് സുവിശേഷ സംഗമം നടന്നു. ഫാ. അനൂപ് കപ്പൂച്ചിൻ അനുഗ്രഹ പ്രഭാഷണം നടത്തി. ശ്രീ. മോഹനൻ മിഷൻ അനുഭവങ്ങൾ പങ്കുവച്ചു. സുവിശേഷ സംഘ ഡയറക്ടർ ബഹു. ജോഷ്വാ തേനുവിള അച്ചനും നെയ്യാറ്റിൻകര ജില്ലാ ഡയറക്ടർ ബഹു. ഹോർമിസ് പുത്തൻവീട്ടിൽ അച്ചനും നേതൃത്വം നൽകി.



# സെമിനാരി വാർത്തകൾ

## സെമിനാരി  കുടുംബസംഗമം

2024-2025 വർഷത്തെ സെമിനാരി കുടുംബ സംഗമം ഫെബ്രുവരി മാസം 15-ാം തീയതി നടത്തി. വൈകുന്നേരം സന്ധ്യാ പ്രാർത്ഥനയും തുടർന്ന് സ്നേഹഭോജനവും അതിനോട് ചേർന്ന് ബ്രദേഴ്സ് അവതരിപ്പിച്ച കലാസന്ധ്യയും ഉണ്ടായിരുന്നു. അഭിവന്ദ്യ പിതാവിന്റെ മഹനീയ സാന്നിധ്യത്തിൽ സെമിനാരിയിലെ ബ്രദേഴ്സിന്റെ മാതാപിതാക്കളും വൈദികരും സന്യസ്തരും അഭ്യൂദയകാംക്ഷികളും ഈ കുടുംബസംഗമത്തിൽ പങ്കെടുത്തു. സെമിനാരി വിദ്യാർത്ഥികൾ അണിയിച്ചൊരുക്കിയ സമർപ്പിതന്റെ പാതയിൽ എന്ന് പേരുള്ള ഷോർട്ട് ഫിലിം ഈ ദിവസം പ്രദർശിപ്പിച്ചു. അതിനോടൊപ്പം സെമിനാരി വിദ്യാർഥികൾ പൂർത്തിയാക്കിയ കൈയെഴുത്ത് മാസികയായ 'സൃഷ്ടി' വന്ദ്യ പിതാവിന്റെ സാന്നിധ്യത്തിൽ പ്രകാശനം ചെയ്തു. ബഹുമാനപ്പെട്ട റെക്ടർ അലോഷ്യസ് അച്ചനും അനിറ്റച്ചനും ഈ  കാര്യപരിപാടികളുടെ ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകി.



# Kshema Integrated Development Society (KIDS)

## ക്ഷേമ യൂണിറ്റ് രൂപീകരണം




നീരാഴികോണം വണ്ടന്നൂർ, കക്കോട്ടുകോണം എന്നീ ദൈവാലയങ്ങളോടനുബന്ധിച്ച് 5 അയൽക്കൂട്ടങ്ങൾ രൂപീകരിച്ച്, ക്ഷേമ പ്രവർത്തനങ്ങൾ വിപുലീകരിച്ചു. സഹകരിച്ച ഡയറക്ടർമാർക്ക് നന്ദിയും അഭിനന്ദനങ്ങളും



## ഇൻഫാം പാറശ്ശാല കാർഷിക ജില്ലാ ഭരണസമിതി അംഗങ്ങളെ തെരഞ്ഞെടുത്തു




ക്ഷേമയുടെ കീഴിൽ പ്രവർത്തിക്കുന്ന ദേശീയ കർഷക സംഘടനയായ ഇൻഫാമിന്റെ (INFAM) പാറശ്ശാല കാർഷിക ജില്ലാ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന്റെ ഭാഗമായി ഗ്രാമസമിതിയിലെ തെരഞ്ഞെടുക്കപ്പെട്ടവരിൽ നിന്നും താഴെപ്പറയുന്നവരെ ഭാരവാഹികളായി തെരഞ്ഞെടുത്തു.

ശ്രീ. ധർമ്മരാജ് N - പ്രസിഡന്റ്,
ശ്രീമതി സബിതാ രാജ് - വൈസ് പ്രസിഡന്റ്,
സാലി റോജൻ - സെക്രട്ടറി,
അനിൽ കുമാർ K - ജോ. സെക്രട്ടറി
ഗീതാ ബി - ട്രഷറർ

സമിതി അംഗങ്ങളായി ജോയ് ഫ്രാൻസിസ്, യേശുദാസ്, സഹായ റാണി, ബെന്നറ്റ് എന്നിവരെ തെരഞ്ഞെടുത്തു.

## സജീവം രണ്ടാം ഘട്ടം പ്രവർത്തനാരംഭം

സജീവം ലഹരി വിരുദ്ധ പ്രവർത്തനങ്ങളുടെ ഭാഗമായി ബത്തേരി ശ്രേയസിൽ വച്ച് കാരിത്താസിന്റെയും KSSF ന്റെയും ആഭിമുഖ്യത്തിൽ നടന്ന പ്ലാനിംഗ്-അവലോകന യോഗത്തിൽ ക്ഷേമയിൽ നിന്നും ഫാ. ജോൺ പുന്നാര പങ്കെടുത്തു.

## ക്യാൻസർ ദിനാചരണവും മഞ്ചവിളാകം യൂണിറ്റ് വാർഷികവും

ഫെബ്രുവരി 9-ാം തീയതി മഞ്ചവിളാകം യൂണിറ്റിൽ വച്ച് യൂണിറ്റ്



വാർഷികാഘോഷവും ക്യാൻസർ ദിനാചരണവും വൈവിധ്യമാർന്ന പരിപാടികളോടെ സംഘടിപ്പിച്ചു. ഫാ. ജോർജ് വെട്ടിക്കാട്ടിൽ ബോധവൽക്കരണ പരിപാടികൾക്ക് നേതൃത്വം നൽകി. ഫാ. ജോൺ പുന്നാര അധ്യക്ഷത വഹിച്ച യോഗത്തിൽ യൂണിറ്റ് റിപ്പോർട്ടും വിവിധ കലാപരിപാടികളും അവതരിപ്പിച്ചു. 31 ക്യാൻസർ രോഗികൾക്കും 16 കിഡ്നി രോഗികൾക്കും 9 കിടപ്പ് രോഗികൾക്കുമുള്ള സഹായവിതരണം പാറശ്ശാല ഭദ്രാസന വികാരി ജനറാൾ റൈറ്റ് റവ. മോൺ. സെലിൻ ജോസ് കോണത്തുവിള നിർവഹിച്ചു. പരിപാടികൾക്ക് ഇടവക വികാരി അലോഷ്യസ് അച്ചനും യൂണിറ്റ് സെക്രട്ടറി അനിൽ കുമാറും നേതൃത്വം നൽകി.





അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്താ
നെയ്യാറ്റിൻകര രൂപതയുടെ നിയുക്ത Coadjutor ബിഷപ്പ്
റൈറ്റ്. റവ. ഡോ. സെൽവരാജൻ ദാസനൊപ്പം



മേരിമക്കൾ സമൂഹത്തിലെ നിർമ്മല
പ്രൊവിൻസിൽ ജൂബിലി ആഘോഷിച്ച
സിസ്റ്റേഴ്സ് അഭിവന്ദ്യ തോമസ് മാർ
യൗസേബിയോസ് പിതാവിനോടൊപ്പം



എം.സി.വൈ.എം. – അസ്സീസിയൻ സൗഹൃദതീരത്തിൽ പങ്കെടുത്ത യുവജനങ്ങൾ



എം.സി.എ. പാറശ്ശാല ഭദ്രാസന ഭാരവാഹികൾ ഭദ്രാസനാധ്യക്ഷനോടൊപ്പം



2025 ജനുവരി മാസം സ്പാർക്ക് പാസ്റ്ററൽ സെന്ററിൽ വച്ച് നടന്ന വിവാഹ ഒരുക്ക സെമിനാറിൽ പങ്കെടുത്തവർ

Design & Layout : Syam, Nia Graphics, Chowara 9747 044 811



ഗോവ, ബോം ജീസസ് ബസിലിക്കായിലേക്കുള്ള തീർത്ഥാടനത്തിൽ പങ്കെടുത്ത പാറശ്ശാല ഭദ്രാസനത്തിലെ
ബഹു. വൈദികർ, അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്തായോടൊപ്പം.

Printed and Published by Very Rev. Fr. Bijoy Ooralivila (*Chancellor*)
Diocese of Parassala, Catholic Bishop's House
Kudayal, Ayira P.O., Parassala, Kerala, India 695 502